# നീര ഉൽപാദനം ഊർജിതമാക്കും

കൊച്ചി ● മന്ത്രിസഭയുടെ അവസാന അനുമതി ലഭിച്ചതോടെ, കേരളത്തിൽ നീര ഉൽപാദിപ്പിക്കാനുള്ള ശ്രമം ഊർജിതമാകുന്നു. അബ്കാരി നിയമത്തിലെ ഭേദഗതികളോടെ ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് ഉടനെയുണ്ടാകും.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസിന്റെ നേതൃത്വത്തിൽ ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. നീര സംസ്കരണത്തിന് ബോർഡ് വികസിപ്പിച്ചെടുത്ത നൂതന സാങ്കേതിക വിദ്യ വൈകാതെ നാളികേര ഉൽപാദക ഫെഡറേഷനുകൾക്കും സംഘാംഗങ്ങൾക്കും കൈമാറും. കളമശേരിയിലെ എസ്‌സിഎംഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോ സയൻസസിന്റെ ഗവേഷണവും അവസാന ഘട്ടത്തിലാണ്.

തുടക്കത്തിൽ നീര മാത്രമാണ് ഉൽപാദിപ്പിക്കുന്നതെങ്കിലും വൈകാതെ നീരയിൽനിന്നുള്ള ശർക്കര, സിറപ്പ്, തേൻ, പഞ്ചസാര തുടങ്ങിയവ ഉണ്ടാക്കാനും പദ്ധതിയുണ്ട്.

നീരയിൽനിന്നുള്ള പഞ്ചസാര പ്രമേഹ രോഗികൾക്ക് ഉപയോഗിക്കാവുന്നതിനെക്കുറിച്ചു ഗവേഷണം പുരോഗമിക്കുന്നുണ്ട്. നീരയുടെ ഉൽപാദനം കൃഷിക്കാർക്ക് ഒരു തെങ്ങിൽനിന്ന് 1500 രൂപ വരെ വരുമാനം ഉറപ്പാക്കുമെന്നാണ് കണക്കാക്കുന്നത്.